## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 461** **29.01.2019 ൽ മറുപടിക്ക്.**

## ചരക്ക് സേവന നികുതി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അനിൽ അക്കര | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതിയിൽ നിന്നും സംസ്ഥാന സർക്കാർ പ്രതീക്ഷിച്ച വരുമാന വളർച്ച നേടാനാവാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ; | (എ & ബി) | ചരക്ക് സേവന നികുതിയിൽ നിന്നും സംസ്ഥാന സർക്കാർ പ്രതീക്ഷിച്ച വരുമാന വളർച്ച നേടാനായിട്ടില്ല. അതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>**1.** കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.<br>**2.** GST യുമായി ബന്ധപ്പെട്ട് 2017- |
| (ബി) | പ്രതീക്ഷിച്ച റവന്യൂ വരുമാന വർദ്ധനവ് നേടിയെടുക്കുന്നതിന് സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | 18 ന്റെ Annual Return ജൂൺ 2019 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്കൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നതാണ്.<br>**3.** അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്ക നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 01/04/2018 മുതൽ മാത്രമേ നടപ്പിലാക്കിയുള്ളൂ. ഇതിനുണ്ടായ കാലതാമസം മൂലം വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഇ-വേ ബില്ലിൽ നിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ ഒത്തു നോക്കി നികുതി വെട്ടിപ്പ് നിയന്ത്രിക്കാൻ കഴിഞ്ഞില്ല.<br>**4.** ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28% ൽ നിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുന:പരിശോധിക്കാനുള്ള സാധ്യത വിരളമാണ്. |
| (സി) | നിർബന്ധിതമല്ലാത്ത ചെലവുകൾ മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിക്കൊണ്ടുമുള്ള ഒരു | (സി) | അഴിമതിയും കെടുകാര്യസ്ഥതയും ഒഴിവാക്കിയും വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും നികുതി പിരിവ് |

| | | | |
|---|---|---|---|
| | ധനകാര്യ മാനേജ്മെന്റാണോ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | | ഊർജ്ജിതവും കാര്യക്ഷമവുമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും പരിപൂർണ്ണമായി ഒഴിവാക്കിയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുകയും ചെയ്യുന്ന നടപടികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ആയതിനുതകുന്ന ക്രിയാത്മകവും ഫലപ്രദവുമായ ധനകാര്യ മാനേജ്മെന്റാണ് സർക്കാർ അനുവർത്തിച്ച് പോരുന്നത്. |
| (ഡി) | എങ്കിൽ പ്രളയാനന്തരമുള്ള സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും ആഘോഷ പരിപാടികൾക്കും അനാവശ്യ കാര്യങ്ങൾക്കും നിർലോഭം പണം ചെലവഴിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്നറിയിക്കാമോ; | (ഡി & ഇ) | അനാവശ്യ ചെലവുകൾക്കും ആഘോഷങ്ങൾക്കും അമിതമായി പണം ചെലവഴിക്കുകയെന്നത് സർക്കാരിന്റെ നയമല്ല. |
| (ഇ) | ഇത്തരം കാര്യങ്ങൾ സംസ്ഥാനത്തെ കടക്കെണിയിലാക്കുമെന്നതിനാൽ ഇതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ